ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ:ഇ3/2502/എബിറ്റിറ്റി/2019/ 39 തീയതി : 08.01.2019

**ക്വട്ടേഷൻ പരസ്യം**

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ 2019 പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് സുരക്ഷാ ക്രമീകരണവുമായി ബന്ധപ്പെട്ട CCTV, Camera, Helicam എന്നിവ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അതിനോടനുബന്ധിച്ച സംവിധാനം ഏർപ്പെടുത്തുന്നതിനും ടി പ്രവൃത്തിയിൽ പരിചയ സമ്പന്നരായ യോഗ്യതയുള്ള ഏജൻസികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം ക്ഷേത്ര പരിസരത്ത് 12.02.2019 മുതൽ 21.02.2019 വരെ CCTV, Camera, Helicam സംവിധാനം പ്രവർത്തിപ്പിച്ച് തരുന്നതിന് യൂണിറ്റ് ഒന്നിന് എന്ന നിരക്കിൽ ജി.എസ്സ്.ടി ഉൾപ്പെടെയുള്ള ക്വട്ടേഷൻ തുക ഏജൻസിയുടെ ലെറ്റർ പാഡിൽ രേഖപ്പെടുത്തി, കവറിനു പുറത്ത് CCTV, Camera, Helicam എന്നിവ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ എന്നെഴുതി ''സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, തിരുവനന്തപുരം-9'' എന്ന മേൽവിലാസത്തിൽ 17.01.2019 വ്യാഴാഴ്ച വൈകുന്നേരം 4.00 മണിയ്ക്കു മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം വൈകുന്നേരം 5.15 മണിക്ക് സന്നിഹിതരായിട്ടുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതുമാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പാൻ കാർഡിന്റെ കോപ്പി, ജി.എസ്സ്.ടി നമ്പർ എന്നിവ ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷനെ സംബന്ധിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ക്വട്ടേഷനും ബാധകമാണ്. വിശദ വിവരങ്ങൾ ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം
2. ആഫീസ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2019
ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2019
കൺവീനർ, പ്രോഗ്രാം കമ്മിറ്റി, പൊങ്കാല മഹോത്സവം-2019

sr